# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1725** — **11.02.2013-ൽ മറുപടിക്ക്**

## കൃഷി ഭവൻ വഴിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീ.റ്റി.എ. അഹമ്മദ് കബീർ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷി ഭവൻ വഴി കർഷകർ ഓൺലൈനായി രജിസ്റ്റർ ചെയ്യുമ്പോൾ ബാങ്ക് അക്കൗണ്ടുകൾ ദേശസാൽകൃത ബാങ്കിൽ നിന്നുള്ളതായിരിക്കണമെന്ന വ്യവസ്ഥ ഇളവു ചെയ്യുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | എ) ഉണ്ട്. |
| ബി) ഗ്രാമപ്രദേശങ്ങളിൽ ദേശസാൽകൃത ബാങ്കുകളുടെ ശാഖകൾ ഇല്ലാത്തതിനാൽ കർഷകർക്ക് ഭാവിയിൽ ആനുകൂല്യങ്ങളും മറ്റും ലഭിക്കുന്നതിന് വിദൂരയാത്ര നടത്തേണ്ട അവസ്ഥ ഒഴിവാക്കുന്നതിനായി സഹകരണ ബാങ്ക് അക്കൗണ്ടുകൾ കൂടി പരിഗണിക്കാൻ കഴിയുന്ന രീതിയിൽ വ്യവസ്ഥയിൽ ഇളവ് നൽകാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | ബി) സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ദേശസാൽകൃത ബാങ്കുകളോടൊപ്പം ഷെഡ്യൂൾഡ് ബാങ്കുകളേയും സഹകരണ ബാങ്ക് അക്കൗണ്ടുകളും ഈ പദ്ധതിയിൽ പരിഗണിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ